സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ
ജൂനിയർ—സീനിയർ അദ്ധ്യാപക നിയമനം

152 [2419] ശ്രീ. സാജുപോൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജൂനിയർ–സീനിയർ വിഭാഗങ്ങളിലായി ആകെ എത്ര അദ്ധ്യാപകരെ പി.എസ്.സി. വഴി നിയമിച്ചു;

(ബി) ജൂനിയർ ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ പി. എസ്. സി.-ക്ക് ഇതുവരെ റിപ്പോർട്ട് ചെയ്തു എന്ന് വിഷയം തിരിച്ച് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ വർഷം പുതുതായി അനുവദിച്ച പ്ലസ്ടു സ്കൂളുകളിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്ന് അദ്ധ്യാപകരെ നിയമിക്കുന്ന നടപടി എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 2233 സീനിയർ അദ്ധ്യാപകരെ നിയമിച്ചുകഴിഞ്ഞു. പി.എസ്. സി.-യിൽ നിന്ന് അഡ്വൈസ് ചെയ്തിട്ടുള്ള 1515 ജൂനിയർ അദ്ധ്യാപകരുടെ നിയമന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 30.6.2005 വരെ 2595 തസ്തികകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിഷയം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) നടപടികൾ ആരംഭിച്ചിട്ടുണ്ട്.

എച്ച്.എസ്.എ. ഫുൾടൈം സീനിയർ ഹിന്ദി ടീച്ചർ
തസ്തികയിലെ നിയമനം

153 [2421] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7.2.2001-ലെ ജി.ഒ. (ആർ.ടി.) 248/01/ജി.എഡ്യു. പ്രകാരം സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2001-ന് ശേഷം ഓരോ അദ്ധ്യയന വർഷവും അനുവദിച്ച ഹിന്ദി ടീച്ചർ (സീനിയർ ഫുൾടൈം) പോസ്റ്റുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 2002–03, 2003–04, 2004–05 വർഷങ്ങളിൽ അനുവദിച്ച എച്ച്.എസ്.എസ്.ടി. സീനിയർ പോസ്റ്റുകളുടെ എണ്ണവും അതിലുൾപ്പെടുന്ന ഹിന്ദി സീനിയർ പോസ്റ്റുകളുടെ എണ്ണവും വെളിപ്പെടുത്താമോ;

(സി) ഇക്കാലയളവിലെ റിട്ടയർമെന്റ് വേക്കൻസികൾ എത്രയെണ്ണമുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ വർഷങ്ങളിലെ എച്ച്.എസ്.എസ്. ടീച്ചർ ഹിന്ദി സീനിയർ ഒഴിവുകൾ മുഴുവനും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) 2001-നു ശേഷം 2004 ജൂൺവരെ സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തലത്തിൽ പുതിയ സ്ക്കൂളുകളോ പുതിയ ബാച്ചുകളോ ആരംഭിച്ചിട്ടില്ല. 2004-ൽ 286 പുതിയ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളും അനുവദിച്ചു. ആദ്യ വർഷം ജൂനിയർ തസ്തികകളും മാത്രമാണുള്ളത്. 2005-06-ലെ ഒന്നാം വർഷ അഡ്മിഷൻ പൂർത്തിയായി സ്റ്റാഫ് ഫിക്സേഷൻ നടത്തിയതിനുശേഷമേ സീനിയർ തസ്തികകളുടെ എണ്ണം നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ.

(സി) 33 വേക്കൻസികളും.

(ഡി) വകുപ്പുതല കൗട്ടയായ 25% ഒഴിച്ച് ബാക്കിയുള്ള വേക്കൻസികളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഹയർ സെക്കണ്ടറി ഹിന്ദി സീനിയർ—ജൂനിയർ തസ്തികയിലെ നിയമനം

154 [2422] ശ്രീ. സ്റ്റീഫൻ ജോർജ്ജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഹിന്ദി സീനിയർ) തസ്തികയിൽ 2002 മുതലുള്ള ഒഴിവുകളുടെ കണക്കുകൾ നൽകാമോ;

(ബി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നും റിപ്പോർട്ട് ചെയ്തില്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ;

(സി) എച്ച്. എസ്. എസ്. ടി. ഹിന്ദി സീനിയർ നിയമനത്തിന് അർഹരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നിഷേധിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) 2003-ൽ പ്രൊമോഷൻ വഴി എച്ച്.എസ്.എസ്.ടി. ജൂനിയർ പോസ്റ്റിൽ നിയമിക്കപ്പെട്ട ഹൈസ്ക്കൂൾ ടീച്ചർമാരെ സീനിയർ ടീച്ചർമാരായി പ്രൊമോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര പേർക്കാണ് നിയമനം നൽകാനുദ്ദേശിക്കുന്നത് എന്നും അവർ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ഇ) പി.എസ്.സി. സീനിയർ ടീച്ചർ റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് തുടർന്ന് നിയമനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(എഫ്) ഇത് സംബന്ധിച്ച സ്പെഷ്യൽ റൂൾസ് വിശദീകരിക്കാമോ; ആയതിന് പി.എസ്.സി.-യുടേയും ഡി.പി.സി.-യുടേയും അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ജി) യോഗ്യതാ മാനദണ്ഡങ്ങളും സാമുദായിക സംവരണവും കൃത്യമായി പാലിച്ചുകൊണ്ടാണോ ഈ തസ്തികയിൽ നിയമനം നടത്തിയതെന്ന് വ്യക്തമാക്കാമോ;

(എച്ച്) എച്ച്. എസ്. എസ്. ടി. സീനിയർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ ഈ തസ്തികയിൽ ധൃതഗതിയിൽ നടത്തുന്ന പ്രൊമോഷനുകൾ നിർത്തിവെച്ച് പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ട തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly